(സി) ചെങ്ങന്നൂരിലെ പ്രഭുറാം മിൽസ് കഴിഞ്ഞ സാമ്പത്തികവർഷം എന്ത് തുക പ്രവർത്തനലാഭം ഉണ്ടാക്കി ;

(ഡി) പ്രഭുറാം മിൽസിൽ സ്പിന്റിലുകളുടെ എണ്ണം കൂട്ടുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ കോട്ടയം ടെക്സ്റ്റൈൽസ്, പ്രഭുറാം മിൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, എന്നിങ്ങനെ നാല് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ മില്ലുകളുടെ പ്രവർത്തനത്തിലൂടെ 49.59 ലക്ഷം രൂപ ലാഭമായി ലഭിച്ചു.

(സി) ചെങ്ങന്നൂരിലെ പ്രഭുറാം മിൽസ് കഴിഞ്ഞ സാമ്പത്തിക വർഷം 81.48 ലക്ഷം രൂപ നഷ്ടത്തിലായിരുന്നു.

(ഡി) പ്രഭുറാം മിൽസിൽ സ്പിന്റിലുകളുടേ എണ്ണം കൂട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ചെറുകിട വ്യവസായമേഖലയിലെ നിക്ഷേപം

219(926) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തെന്നിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായമേഖലയിൽ നിക്ഷേപ സാഹചര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ രംഗത്ത് കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി എത്രകോടി രൂപ നിക്ഷേപമായി സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) ഈ കാലയളവിൽ ഈ രംഗത്ത് ഇതുവരെ എന്തു തുക നിക്ഷേപിക്കാൻ കഴിഞ്ഞുവെന്നറിയിക്കുമോ ;

(ഡി) ഈ മേഖലയുടെ പുരോഗതിക്കായി ഇനിയും എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുള്ളത് എന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ നിക്ഷേപ സാഹചര്യം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി ;
2. മാർജിൻ മണി വായ്പ ;
3. സാങ്കേതിക വിദ്യാ വികസന നിധി ;
4. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിന് കെട്ടിടവും സ്ഥലവും നൽകുന്നു ;
5. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ;
6. ഗവേഷക കേന്ദ്രങ്ങൾ, ഗവേഷക ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു ;
7. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കുവാൻ പ്രയോജനപ്പെടുത്തുന്നു ;
8. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം നൽകി വരുന്നു ;
9. ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഒരുക്കുന്നു ;
10. സൂക്ഷ്മ-ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന പേമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലിന്റെ രൂപീകരണം ;
11. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി ഇൻഡസ്ട്രീസ് റിസോഴ്സ് ലൊക്കേറ്റർ സംവിധാനം ;
12. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ ;
13. വ്യവസായ സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകുന്നു ;
14. വ്യവസായ സഹകരണ മേഖലയ്ക്കും, കരകൗശല മേഖലയ്ക്കും, പ്രത്യേക ആനുകൂല്യങ്ങൾ നൽകി വരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

15. സംരംഭകർക്ക് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിലേക്കായി ഏകജാലക സംവിധാനത്തിലൂടെ സേവനം നൽകി വരുന്നു ;

16. ലൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ് തുടങ്ങിയവ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ആവശ്യമായ ലൈസൻസുകൾ കൂടാതെ പുതിയ സംരംഭകർക്ക് ആവശ്യമായ Hand holding service വ്യവസായ വകുപ്പ് മുഖേന നൽകി വരുന്നു.

(ബി) ചെറുകിട സൂക്ഷ്മ ഇടത്തരം സംരംഭ മേഖലയിൽ 5000 കോടി രൂപയാണ് നിക്ഷേപമായി ലക്ഷ്യമിട്ടിരുന്നത്.

(സി) അഞ്ചു വർഷങ്ങളിലായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചതുമൂലം ഉണ്ടായ നിക്ഷേപം 2863.5 കോടി രൂപയാണ്.

(ഡി) ഉത്തരം (എ)-യിൽ വിവരിച്ചിരിക്കുന്ന പദ്ധതികൾ ഇപ്പോൾ പര്യാപ്തമാണ്.

സൈലന്റ് വാലി ബഫർ സോൺ

220(927) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയോദ്യാനമായ സൈലന്റ് വാലിയുടെ ചുറ്റുമുള്ള വനമേഖലയെ ബഫർ സോണായി പ്രഖ്യാപിച്ചതിനെ തുടർന്ന് ഈ പ്രദേശം സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ബഫർ സോണിൽ വനാശ്രിതസമൂഹത്തിന് പ്രയോജനകരമാകുന്ന ആവാസ വികസനപദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പദ്ധതിപ്രദേശത്തെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സൈലന്റ് വാലി നാഷണൽ പാർക്കിന് ചുറ്റുമുള്ള ബഫർ സോണായി പ്രഖ്യാപിക്കപ്പെട്ട 148 ചകിമീറ്റർ പ്രദേശത്തിന്റെ സംരക്ഷണത്തിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. കർശനമായ പട്രോളിംഗ് നടത്തുകയും, ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly